(ബി) പഞ്ചായത്തുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഭൂരിഭാഗം പഞ്ചായത്തുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താതെ പോയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്

325(1704) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും വേതനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) വർദ്ധന വരുത്തുന്ന തുകയുടെ ഒരു വിഹിതം തദ്ദേശസ്ഥാപനങ്ങൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ-സി) അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2,000 രൂപയിൽ നിന്നും 2,600 രൂപയായി 1-4-2015 പ്രാബല്യത്തിൽ 24-8-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 50/2015/സാ.നീ.വ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതിനാവശ്യമായ തുക അഡീഷണൽ ആതൈസേഷൻ വഴി കണ്ടെത്തിയിട്ടുണ്ട്. ടി തുക സാമൂഹ്യനീതി വകുപ്പ് വഴിയാണ് നൽകുന്നത്.

ബജറ്റിൽ പ്രഖ്യാപിച്ച നടപ്പിൽ വരുത്താത്ത പദ്ധതികൾ

326(1705) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്താൻ സാധിക്കാതിരുന്നതുമായ പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അങ്കണവാടി ജീവനക്കാർക്ക് മിനിമം വേതനം

327(1706) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ ആവശ്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളാൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും. ഇവർക്ക് ഓണറേറിയമാണ് നൽകുന്നത്. മിനിമം വേതനം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായും, ഹെൽപ്പർമാരുടെ ഓണറേറിയം 7,000 രൂപയായും വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ

328(1707) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് എന്ന് മുതലാണ് പെൻഷൻ പദ്ധതി ആവിഷ്കരിച്ചത്;

(ബി) പദ്ധതി ആരംഭിക്കുന്ന സമയത്ത് അനുവദിച്ച പ്രതിമാസ പെൻഷൻ തുക എത്ര; ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക എത്ര; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly